# മാതൃകാ പ്രവർത്തനങ്ങളുമായി SISF സേനാംഗങ്ങൾ

കൊച്ചി മെട്രോ ഒന്നാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ കീഴിൽ കൊച്ചി മെട്രോയുടെ സുരക്ഷ നിർവഹിക്കുന്ന കൊച്ചി മെട്രോ സ്പെഷ്യൽ പോലീസ് (K.M.S.P) വിവിധ മാതൃകാ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുകയുണ്ടായി.

എറണാകുളം ജനറൽ ആശുപത്രിയുമായി സഹകരിച്ച് കെ എം എസ് പി സേനാംഗങ്ങളും  കൊച്ചി മെട്രോ യാത്രക്കാരും 300 കണ്ണുകൾ ദാനം ചെയ്തു കൊണ്ടുള്ള സമ്മതപത്രം കൊച്ചി മെട്രോ എം ഡി ശ്രീ. എ. പി. എം.  മുഹമ്മദ് ഹനീഷ് IAS അവർകൾ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കുട്ടപ്പൻ അവർകൾക്ക് കൈമാറി.

ഗ്രീൻ പ്രോട്ടോക്കോൾ എന്ന ആശയത്തെ മുൻ നിർത്തി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി കൈ കോർത്തു കൊണ്ട് മെട്രോ പരിസരങ്ങളിൽ 400 വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ ഔപചാരിക ഉദ്ഘാടനം റേഞ്ച് ഐജി ശ്രീ വിജയ് സാഖറെ നിർവഹിക്കുകയും ചെയ്തു. കലൂർ മെട്രോ പാർക്കിംഗ് ഏരിയയിൽ വൃക്ഷതൈ വെച്ച് കൊണ്ട് പദ്ധതി ഉദ്ഘാടനം നിർവഹിച്ചു.

ചികിത്സ സഹായ നിധിയുടെ ഭാഗമായി 56000/- രൂപയുടെ ഫണ്ട് ശേഖരിക്കുകയും കൊച്ചി മെട്രോയുടെ രണ്ടു പോലീസ് ഉദ്യോഗസ്ഥർക്കു വിതരണം ചെയ്യുകയുണ്ടായി. ജില്ലാ കളക്ടർ ശ്രീ. കെ. മുഹമ്മദ് സഫിറുള്ള ആണ് മെഡിക്കൽ സഹായ നിധി വിതരണം ചെയ്തത്.

20.06.2018  വൈകുന്നേരം 4 മണിക്ക് ആരംഭിച്ച ചടങ്ങിൽ സിറ്റി പോലീസ് കമ്മിഷണർ ശ്രീ എം വി ദിനേശ് അദ്ധ്യക്ഷനായിരുന്നു. കെ. എം. എസ്. പി. ചീഫ് സെക്യൂരിറ്റി ഓഫീസർ കെ. എൻ. അരവിന്ദൻ സ്വാഗതവും സെക്യൂരിറ്റി ഓഫീസർ ശ്രീ ജാക്ക്സൺ പീറ്റർ കൃതജ്ഞതയും രേഖപ്പെടുത്തി.